# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1753 — 14.07.2016-ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങളിൽ വ്യാജസ്വർണ്ണ പണയത്തട്ടിപ്പ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ വിവിധ സഹകരണ സംഘങ്ങളിൽ വ്യാജ സ്വർണ്ണം പണയംവെച്ച് കോടികൾ തട്ടിപ്പ് നടത്തിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ ബാങ്കുകളിൽ എത്ര കോടി രൂപയുടെ തട്ടിപ്പാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിൽ 7 ബാങ്ക്/ സംഘങ്ങളിലായി ആകെ 5.92 കോടി രൂപയുടെ തട്ടിപ്പാണ് നടത്തിയിട്ടുള്ളത്. ആയത് ചുവടെ ചേർക്കുന്നു. |

1. മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക് - 4.06 കോടി
2. പീലിക്കോട് സർവ്വീസ് സഹകരണ ബാങ്ക് - 81.88 ലക്ഷം
3. ഉദുമ പനയാൽ അർബൻ സഹകരണ സംഘം - 42.55 ലക്ഷം
4. മജ്ബയിൽ സർവ്വീസ് സഹകരണ ബാങ്ക് - 44.80 ലക്ഷം
5. പെർഡാല സർവ്വീസ് സഹകരണ ബാങ്ക് - 10.10 ലക്ഷം

| | | |
|---|---|---|
| 6. ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക് | - | 2.29 ലക്ഷം |
| 7. പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക് | - | 4.30 ലക്ഷം |
| | | --------------- |
| ആകെ | | 5.92 കോടി |

(സി) തട്ടിപ്പ് നടത്തിയ ജീവനക്കാർക്കെതിരെ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി) ക്രമക്കേടുമായി ബന്ധപ്പെട്ട അപ്രൈസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും, തട്ടിപ്പ് നടത്തിയ വായ്പക്കാരിൽ നിന്നും ബാങ്കിന് ലഭിക്കേണ്ട തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാനും ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക്/സംഘങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ വകുപ്പ് തല അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ക്രമക്കേടുമായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ താഴെപ്പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) <u>മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക്</u> - സായാഹ്നശാഖ മാനേജർ, സായാഹ്നശാഖയിലേയും നായന്മാർമൂല ശാഖയിലേയും അപ്രൈസർമാർ എന്നിവരെ സസ്പെന്റ് ചെയ്യുകയും അവർക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും, നായന്മാർമൂല ശാഖ മാനേജരെ ബാങ്ക് സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2) <u>പീലിക്കോട് സർവ്വീസ് സഹകരണ ബാങ്ക്</u> - കാലിക്കടവ് ശാഖ മാനേജർ, അപ്രൈസർ

എന്നിവരെ ബാങ്ക് സസ്പെന്റ് ചെയ്യുകയും, കാലിക്കടവ് ശാഖാ മാനേജർക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. <u>ഉദുമ പനയാൽ അർബൻ സഹകരണ സംഘം</u>- സംഘം സെക്രട്ടറി, അപ്രൈസർ, ശാഖ മാനേജരുടെ ചാർജ്ജിലുണ്ടായിരുന്ന സീനിയർ ക്ലാർക്ക് എന്നിവരെ സംഘം സസ്പെന്റ് ചെയ്യുകയും, അവർക്കെതിരെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. <u>മജ്ബയിൽ സർവ്വീസ് സഹകരണ ബാങ്ക്</u> - ശാഖാ മാനേജരെ ബാങ്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്.

5. <u>പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്</u> - ബാങ്ക് അപ്രൈസറെ സസ്പെന്റ് ചെയ്യുകയും, സെക്രട്ടറിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

6. <u>ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക്, പെർഡാല സർവ്വീസ് സഹകരണ ബാങ്ക്</u> - ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയും ഭരണസമിതി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**